**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3699** **12-03-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള ബോട്ട് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പയ്യന്നൂർ നഗരസഭ, വലിയപറമ്പ്, പടന്ന ഉടങ്ങിയ ഗ്രാമപ്പഞ്ചായത്തുകളെ ബന്ധിപ്പിച്ച് പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് എത്ര ബോട്ട് സർവ്വീസാണ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പയ്യന്നൂർ നഗരസഭ, വലിയ പറമ്പ്, പടന്ന ഉടങ്ങിയ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിച്ച് പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് നിലവിൽ ഒരു ബോട്ടാണ് സർവീസ് നടത്തി വരുന്നത്. |
| (ബി) | ഇവിടെ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത് എന്ന് അറിയിക്കാമോ; | (ബി) | കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ വകുപ്പിന്റെ S 26, S 48, A 62 എന്നീ പാസഞ്ചർ ബോട്ടുകളും, തേജസ് -1, തേജസ്-2 എന്നീ വാട്ടർ ടാക്സികളും ആണ് സർവീസ് നടത്തി വരുന്നത്. ഓരോ രണ്ടര വർഷങ്ങൾ കൂടുമ്പോഴും ബോട്ടുകൾ കരയിൽ കയറ്റി ബോഡി വർക്കുകൾ ചെയ്യുന്നതിനാൽ ബോട്ടുകളുടെ ഉപയോഗ കാലാവധി സംബന്ധിച്ച് നിലവിലെ ഇൻലാൻഡ് വെസ്സൽ ആക്ട്, ഇൻലാൻഡ് വെസ്സെൽ റൂൾസ് എന്നിവ പ്രകാരം നിശ്ചിതവർഷത്തിന് ശേഷം സർവീസിൽ നിന്നും ഒഴിവാക്കണം എന്ന രീതിയിൽ നിശ്ചയിക്കപ്പെട്ടിട്ടില്ല. |
| (സി) | കാലാവധി കഴിയുന്ന ബോട്ടുകൾക്ക് പകരമായി പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് സർവീസ് ആക്കാൻ കഴിയുന്ന തരത്തിൽ പുതിയ സോളാർ ബോട്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | പയ്യന്നൂർ മേഖലയിൽ പാസ്സഞ്ചർ കം ടൂറിസം സർവീസ് ആരംഭിക്കുന്നതിനായി സോളാർ ബോട്ടുകൾ അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ട്. കവ്വായി - വലിയപറമ്പ് - പടന്ന കേന്ദ്രീകരിച്ചാണ് ടി സർവീസുകൾ ആവിഷ്ക്കരിക്കുന്നത്. നിലവിൽ നിർമ്മാണത്തിലുള്ള ബോട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് സർവീസുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ